2023
DECEMBER
02
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## സ്വർണ വില സർവകാല റെക്കോർഡിൽ

**കൊച്ചി:** സംസ്ഥാനത്ത് സ്വർണ വില സർവകാല റെക്കോർഡിൽ. ഇന്ന് (02/12/2023) ഒരു പവൻ സ്വർണത്തിന് 600 രൂപ ഉയർന്ന് 46,760 രൂപയാണ് ഇന്നത്തെ പവൻറെ വില. ഗ്രാമിന് 75 രൂപ ഉയർന്ന് 5845 രൂപയായി.

കഴിഞ്ഞ മാസം 29ന് രേഖപ്പെടുത്തിയ 46,480 രൂപയാണ് ഇതിനു മുമ്പത്തെ റെക്കോർഡ് പവൻ വില. പിന്നീട് താഴ്ന്ന വില ഇന്നലെ വീണ്ടും വർധന രേഖപ്പെടുത്തിയിരുന്നു. വെള്ളിയുടെ വിലയിൽ മാറ്റമില്ല. ഒരു ഗ്രാം സാധാരണ വെള്ളിയുടെ വില 82 രൂപയാണ്.

## നവകേരള സദസ്സിന്റെ പൊതുയോഗം പുത്തൂരിലെ സുവോളജിക്കൽ പാർക്കിൽനിന്ന് മാറ്റി

**കൊച്ചി:** നവകേരള സദസ്സിന്റെ പൊതുയോഗം തൃശൂർ പുത്തൂരിലെ സുവോളജിക്കൽ പാർക്കിൽനിന്ന് മാറ്റിയെന്ന് സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. യോഗം സുവോളജിക്കൽ പാർക്കിൽ നടത്തുന്നത് ചോദ്യം ചെയ്ത് നൽകിയ പൊതുതാൽപര്യ ഹർജിയിലാണ് സർക്കാർ ഇക്കാര്യം അറിയിച്ചത്. കോടതി നിർദേശപ്രകാരം സുവോളജിക്കൽ പാർക്ക് ഡയറക്ടർ ആർ.കീർത്തി പാർക്കിന്റെ ലേ ഔട്ട് ഉൾപ്പെടെയുടെയുള്ള രേഖകൾ ഹാജരാക്കിയിരുന്നു. യോഗം നടക്കുന്നത് പാർക്കിങ് മേഖലയിലാണെന്നായിരുന്നു സർക്കാർ വാദം. എന്നാൽ യോഗത്തിന് അനുമതി നൽകാനാവില്ലെന്നു ഹൈക്കോടതി വ്യക്തമാക്കിയതോടെ, യോഗ സ്ഥലം മാറ്റുന്ന കാര്യത്തിൽ തീരുമാനം അറിയിക്കാൻ സർക്കാർ അഭിഭാഷകൻ സമയം തേടി.

## കുടിവെള്ളം: ആന്ധ്രാ, തെലങ്കാന പോര് കടുക്കുന്നു

# നാഗാർജുനസാഗർ ഡാമിൽ കടന്നുകയറി ആന്ധ്രാപ്രദേശ്



**ഹൈദരാബാദ്:** തെലങ്കാന നിയമസഭാ തിരഞ്ഞെടുപ്പിനു മണിക്കൂറുകൾക്കു മുമ്പ് നാഗാർജുനസാഗർ ഡാമിൽ കടന്നുകയറി നിയന്ത്രണം കരസ്ഥമാക്കി ആന്ധ്രാപ്രദേശ്. വ്യാഴാഴ്ച പുലർച്ചെ രണ്ടുമണിയോടെയായിരുന്നു സംഭവം. ആന്ധ്രാപ്രദേശിൽനിന്നുള്ള 500 പൊലീസുകാർ പുലർച്ചെ ഡാമിലെത്തി സിസിടിവി ക്യാമറകൾ തകർത്തെന്നും ഗേറ്റ് നമ്പർ അഞ്ചിലെയും ആറിലെയും റഗുലേറ്ററുകൾ തുറന്ന് 5000 ക്യുസെക്സ് വെള്ളം പുറത്തേക്ക് ഒഴുക്കിയെന്നുമാണു തെലങ്കാന ചീഫ് സെക്രട്ടറി ശാന്തി കുമാരി പറഞ്ഞത്.

കുടിവെള്ള ആവശ്യത്തിനായി ഞങ്ങൾ വെള്ളം തുറന്നുവിടുകയാണെന്ന് ആന്ധ്രാപ്രദേശ് ജലസേചന വകുപ്പ് മന്ത്രി അമ്പാട്ടി റാംബാബു എക്സ് പ്ലാറ്റ്!ഫോമിൽ വ്യാഴാഴ്ച രാവിലെ കുറിച്ചിരുന്നു. എന്നാൽ കരാർ അടിസ്ഥാനത്തിലുള്ള വെള്ളം മാത്രമാണ് എടുത്തതെന്നു പിന്നീട് മന്ത്രി വിശദീകരിച്ചു. ആന്ധ്രാപ്രദേശിന്റെ നടപടി തെലങ്കാനയിൽ ക്രമസമാധാന പ്രശ്നം സൃഷ്ടിച്ചതായും ഹൈദരബാദിലെയും ചുറ്റുവട്ടത്തെയും രണ്ടുകോടി ജനങ്ങൾക്കു കുടിവെള്ളം എത്തിക്കുന്നതിനെ ഇതു ബാധിക്കുമെന്നും ചീഫ് സെക്രട്ടറി പറഞ്ഞു. ആന്ധ്രാപ്രദേശ് പൊലീസിനെതിരെ തെലങ്കാനയിലെ നാൽഗോണ്ട ജില്ലയിൽ രണ്ടു കേസെടുത്തിട്ടുണ്ട്. 2015ലും ആന്ധ്രാപ്രദേശ് പൊലീസ് സമാനമായ രീതിയിൽ ഡാമിൽ കടന്നുകയറിയിരുന്നു.

നവംബർ 28 ലെ ഉടമ്പടി അനുസരിച്ചു വെള്ളം എടുക്കുന്നത് തുടരാൻ രണ്ടു സംസ്ഥാനങ്ങളോടും കേന്ദ്രസർക്കാർ നിർദേശിച്ചു. കേന്ദ്ര ആഭ്യന്തര സെക്രട്ടറി അജയ് ഭല്ല രണ്ടു സംസ്ഥാനങ്ങളുമായി നടത്തിയ വിഡിയോ കോൺഫറൻസിലാണ് നിർദേശം മുന്നോട്ടുവച്ചത്. 2014 ലെ ആന്ധ്രാ, തെലങ്കാന വിഭജനത്തിനുശേഷം ഡാമിന്റെ പേരിൽ ഇരുസംസ്ഥാനങ്ങളും തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ട്.

# 2030ൽ ഫോസിൽ ഇതര ഇന്ധനങ്ങളുടെ ഉപയോഗം 50% ആക്കും: നരേന്ദ്ര മോദി




**ദുബായ്:** യുഎഇയിൽ സംഘടിപ്പിക്കുന്ന കാലാവസ്ഥാ ഉച്ചകോടി കോപ് 28ൽ സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയും യുഎഇയും ഹരിതാഭവും അഭിവൃദ്ധിയുള്ളതുമായി ഭാവിക്കായി പങ്കാളികളായി നിലകൊള്ളുകയാണെന്ന് മോദി പറഞ്ഞു. കോപ് 28 ഉച്ചകോടിയിൽ സംബന്ധിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട്. സുസ്ഥിരമായ ഭാവിക്കായി അർഥവത്തായ ചർച്ചകളും സഹകരണങ്ങളുമുണ്ടാകണം. യുഎഇ ഭരണാധികാരി മുഹമ്മദ് ബിൻ സയീദിനും യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസിനും നന്ദി അറിയിക്കുന്നുവെന്നും മോദി എക്സ് പ്ലാറ്റ്ഫോമിൽ കുറിച്ചു.

വികസ്വര രാജ്യങ്ങളല്ല പ്രശ്നം സൃഷ്ടിക്കുന്നതെന്ന് തിരിച്ചറിയേണ്ടത് അത്യാവശ്യമാണെന്നും മോദി പറഞ്ഞു. എന്നിട്ടും വികസ്വര രാജ്യങ്ങൾ പരിഹാരത്തിന്റെ ഭാഗമാകാൻ തയ്യാറാണ്. ആവശ്യമായ ധനസഹായവും സാങ്കേതികവിദ്യയും അവർക്ക് ലഭിക്കുന്നില്ല. കാലാവസ്ഥാ മാറ്റം കൈകാര്യം ചെയ്യുന്നതിന് ധനസഹായവും സാങ്കേതിക കൈമാറ്റവും ഉറപ്പാക്കണം. 2030 ഓടെ കാർബൺ പുറന്തള്ളൽ 45% കുറയ്ക്കാനും ഫോസിൽ ഇതര ഇന്ധനങ്ങളുടെ ഉപയോഗം 50% ആക്കാനും ഇന്ത്യ ലക്ഷ്യമിടുന്നുവെന്നും മോദി പറഞ്ഞു. 2028ൽ ഉച്ചകോടി ഇന്ത്യയിൽ നടത്തുന്നതിനും അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു.

കാലാവസ്ഥ വ്യതിയാനം മൂലമുള്ള ദുരിതങ്ങൾ വർധിക്കുന്നതിനിടെയാണ് ഐക്യ രാഷ്ട്ര സംഘടനയുടെ നിർണായക ഉച്ചകോടി കോപ്28 ദുബായിൽ ആരംഭിച്ചത്. 2015ൽ ലോക രാജ്യങ്ങൾ ചേർന്ന് ഒപ്പുവച്ച പാരിസ് ഉടമ്പടിയിൽ കാര്യമായ പുരോഗതി ഇല്ലാത്ത സാഹചര്യത്തിൽ കാലാവസ്ഥ വ്യതിയാനത്തിൽ നിന്നു ഭൂമിയെ രക്ഷിക്കാനുള്ള പുതിയ പ്രഖ്യാപനം ഉച്ചകോടിയിൽ ഉണ്ടാകുമെന്നാണു പ്രതീക്ഷ. ഭക്ഷ്യോൽപാദനത്തിലും വിതരണത്തിലും ആഗോളതലത്തിൽ മാറ്റം നിർദേശിക്കാനും സാധ്യതയുണ്ട്. പുനരുപയോഗിക്കാവുന്ന ഭക്ഷ്യ സംവിധാനം, സുസ്ഥിര കൃഷി, കാലാവസ്ഥ കർമ പദ്ധതി എന്നിവയിൽ ലോക രാഷ്ട്രങ്ങളെ ഒരുമിപ്പിക്കുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം.





# മനശാസ്ത്രവും മാനസിക ആരോഗ്യവും : രാജ്യാന്തര സമ്മേളനത്തിന് തിരിതെളിഞ്ഞു

**കൊച്ചി:** ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിലോസഫി, സൈക്കോളജി, സയന്റിഫിക് ഹെറിറ്റേജിന്റെ നേതൃത്വത്തിൽ ചിന്മയ ഇന്റർനാഷണൽ ഫൗണ്ടേഷന്റെ സഹകരണത്തോടെയാണ് മനശാസ്ത്രവും മാനസിക ആരോഗ്യവും പ്രധാന വിഷയമായ

മൂന്നുദിവസത്തെ രാജ്യാന്തര സമ്മേഴനം സംഘടിപ്പിച്ചിരിക്കുന്നത്. സർവകലാശാലയുടെ എറണാകുളം വാരിയം റോഡിലെ ഓഡിറ്റോറിയത്തിലാണ് സമ്മേളനം. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ.അജയ് കപൂർ സമ്മേളനം ഉദ്ഘാടനം ചെയ്തു. യുവതലമുറയിൽ വർധിച്ചുവരുന്ന മാസിക സംഘർഷങ്ങൾക്കുള്ള പരിഹാരം സംബന്ധിച്ച് സമ്മേനത്തിൽ സജീവമായ ചർച്ചയുണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു. വിദ്യാർഥികൾ ഉൾപ്പെയുള്ള യുവതലമുറയുടെ മാനസീക ആരോഗ്യം വർധിപ്പിക്കാനുള്ള ഇടപടലുകളും സമ്മേളനത്തിന്റെ ഭാഗമായി ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. മോനാഷ് യൂണിവേഴ്സിറ്റി ഓസ്ട്രേലിയിലെ ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ പ്രൊഫ. ക്രെയ്ഗ് ഹാസ്ഡ് മുഖ്യപ്രഭാഷണം നടത്തി. ധ്യാനം ഉൾപ്പെടെയുള്ള ഭാരതീയ ചികിത്സരീതികൾ മാനസിക ആരോഗ്യം മെച്ചപ്പെടുത്താൻ ഏറെ സഹായകമാണെന്ന് അദ്ദേഹം പറഞ്ഞു. മനശാസ്ത്രരംഗത്ത് ഭാരത്തിന്റെ സംഭവനകളെ അദ്ദേഹം പ്രശംസിച്ചു. സർവകലാശാലയിലെ ഡീൻ റിസർച്ച് ഡോ. കെ. ഗിരീഷ് കുമാർ സമ്മേളനത്തിന് ആശസകൾ അർപ്പിച്ച് സംസാരിച്ചു. ഡീൻ ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് വെൽനസ് ഡോ.സുനിത ഗ്രാന്ധി ചടങ്ങിന് സ്വാഗതവും ഹെഡ് ഓഫ് സ്കൂൾ പിപിഎസ്ച്ച് ഡോ.സതീഷ് വർമ നന്ദിയും പറഞ്ഞു. ഉദ്ഘാടനത്തിന്റെ ഭാഗമായി വിദ്യാർഥികളുടെ നൃത്തപരിപാടിയും അറങ്ങേറി.

മൂന്നുദിവസമായി നടക്കുന്ന സമ്മേളനത്തിൽ മനശാസ്ത്രവും മാനസിക ആരോഗ്യവും സംബന്ധിച്ച വിവിധ വിഷയങ്ങൾ ചർച്ചയാകും രാജ്യത്തിന് അകത്തുനിന്നും പുറത്തുനിന്നുമുള്ള വിദഗ്ദ്ധർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. വിവിധ സർവകലാശാലകളിലെയും കോളേജുകളിയും വിദ്യാർഥികളും സമ്മേളനത്തിന്റെ ഭാഗമാണ്. സമ്മേളനം ഞായറാഴ്ച സമാപിക്കും

# നെല്ല് സംഭരണം: തുക വിതരണത്തിന് കൃഷിഭവനുകളിൽ ബാങ്കുകളുടെ പി ആർ എസ് ക്യാമ്പ്

**പാലക്കാട് :** 2023-24 ഒന്നാം വിള നെല്ല് സംഭരിച്ച കർഷകർക്ക് സംഭരണ തുക വേഗത്തിൽ നൽകുന്നതിനു വേണ്ടി ഡിസംബർ 2,4,5 തീയതികളിൽ ആലത്തൂർ, എലപ്പുള്ളി, എലവഞ്ചേരി, കാവശ്ശേരി, കൊല്ലങ്കോട്, കുത്തനൂർ, മേലാർകോഡ്, പല്ലശ്ശന, പട്ടംചേരി, പെരുങ്ങോട്ടുകുറിശ്ശി, തെങ്കുറിശ്ശി, വടവന്നൂർ, വണ്ടാഴി, ചിറ്റൂർതത്തമംഗലം, എരിമയൂർ, കണ്ണാടി, കൊടുമ്പ്, കൊടുവായൂർ, കൊഴിഞ്ഞമ്പാറ, കുഴൽമന്നം, മങ്കര, മരുതറോഡ്, നെന്മാറ എന്നീ 23 കൃഷിഭവനുകളിൽ സപ്ലൈകോ യുടെ കൺസോർഷ്യം ബാങ്കുകൾ ആയ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക് എന്നിവയുടെ പ്രതിനിധികൾ നേരിട്ടെത്തി ക്യാമ്പ് നടത്തി തുക നൽകുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുമെന്ന് അധികൃതർ അറിയിച്ചു.



നെല്ല് സംഭരണത്തിൽ ഉൾപ്പെട്ട കർഷകർ ബന്ധപ്പെട്ട രേഖകളുമായി (ഒറിജിനൽ പാഡി റസീറ്റ് ഷീറ്റ് , ആധാർ കാർഡിന്റെ പകർപ്പ്, പാൻകാർഡ്, പാസ്പോർട്ട് സൈസ് ഫോട്ടോ മുതലായ രേഖകൾ സഹിതം) മേൽപ്പറഞ്ഞ തീയതികളിൽ കൃഷിഭവനുകളിൽ നേരിട്ടെത്തി ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണം എന്ന് സപ്ലൈകോ അറിയിച്ചു. മേൽപറഞ്ഞിട്ടുള്ള 23 കൃഷിഭവനുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത കൃഷിഭവനുകളിലെ കർഷകർ, അധികൃതരുടെ അറിയിപ്പ് കിട്ടുന്ന മുറയ്ക്ക് ബന്ധപ്പെട്ട കൺസോർഷ്യം ബാങ്കുകളിൽ (എസ് ബി ഐ , കാനറ ബാങ്കുകൾ) ഇതിനായി പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള കൗണ്ടർ വഴി തുക കൈപ്പറ്റണം.

നിലവിൽ ഈ വർഷത്തെ നെല്ല് സംഭരണ തുക നൽകുന്നത് സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കൺസോർഷ്യം ബാങ്കുകൾ ആയ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക് എന്നിവ വഴി മാത്രമായിരിക്കും. ഈ ബാങ്കുകളിൽ നിലവിൽ അക്കൗണ്ട് ഇല്ലാത്ത കർഷകർക്ക് പുതിയ അക്കൗണ്ട് ആരംഭിച്ചു തുക എത്രയും വേഗത്തിൽ കൈപ്പറ്റാവുന്നതാണ്.

# റോട്ടറി ഇൻക്രിബ് 3.0 ഡിസംബർ 9, 10 തിയ്യതികളിൽ ചിറ്റിലപ്പള്ളി സ്ക്വയറിൽ

**കൊച്ചി:** ഇന്റർനാഷണൽ കൺവെൻഷൻ ഓഫ് റൊട്ടേറിയൻസ് ഇൻ ബിസിനസിന്റെ മൂന്നാം പതിപ്പ് ഇൻക്രിബ് ഡിസംബർ 9, 10 തിയ്യതികളിൽ കാക്കനാട് ചിറ്റിലപ്പിള്ളി സ്ക്വയറിൽ നടക്കും. ഇന്ത്യയിലേയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയും അഞ്ഞൂറിലേറെ പ്രതിനിധികൾ പങ്കെടുക്കുന്ന ഇൻക്രിബ് 3.0 മികച്ച നെറ്റ്വർക്കിംഗ് അനുഭവം നൽകുന്നതിന് സൂക്ഷ്മമായ ആസൂത്രണമാണ് നിർവഹിച്ചിരിക്കുന്നത്. പ്രശസ്ത ബിസിനസ് കോച്ചുകളുടെ പരിശീലന സെഷനുകളിൽ പങ്കെടുക്കാനും ഇടപെടാനുമുള്ള അവസരമാണ് ഇൻക്രിബ് 3.0 നൽകുന്നത്. 2019ൽ നവംബറിൽ ഇൻക്രിബ് 1.0, 2022 ജനുവരിയിൽ ഇൻക്രിബ് 2.0 എന്നിവ മികച്ച വിജയങ്ങളായതിന് പിന്നാലെയാണ് ഇൻക്രിബ് 3.0 സംഘടിപ്പിക്കുന്നത്. നേരത്തെ നടന്ന രണ്ട് എഡിഷനുകളും നിരവധി അവസരങ്ങളാണ് സൃഷ്ടിച്ചത്. നെറ്റ്വർക്കിംഗ് അവസരങ്ങൾക്കാണ് ഇൻക്രിബ് 3.0 മികച്ച ഊന്നൽ നൽകുന്നത്. ഇൻക്രിബ് 3.0ൽ പങ്കെടുക്കാൻ ംംം.്യായളരീരവശി.രീാ എന്ന വിലാസത്തിലാണ് റജിസ്റ്റർ ചെയ്യേണ്ടത്. മൂവായിരം രൂപ ഏർലി ബേർഡ് റജിസ്ട്രേഷൻ സൗകര്യമാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. മികച്ച ക്ലാസുകളോടൊപ്പം റിഫ്രഷ്മെന്റുകൾ, ഉച്ചഭക്ഷണം, അത്താഴം, ബിസിനസ്സ് നെറ്റ്വർക്കിംഗ് ടേക്ക്അവേകൾ എന്നിവയാണ് ഉൾപ്പെടുന്നത്. റോട്ടറി അംഗങ്ങൾ, റോട്ടറാക്ടേഴ്സ്, വനിതാ സംരംഭകർ, മറ്റു ബിസിനസുകാർ തുടങ്ങിയവർക്ക് ഇൻക്രിബ് 3.0ൽ പങ്കെടുത്ത് അവസരം ഉപയോഗപ്പെടുത്താവുന്നതാണ്. 29 രാജ്യങ്ങളിലായി 190 അധ്യായങ്ങളിൽ വ്യാപിച്ചു കിടക്കുന്ന 2013ൽ സ്ഥാപിതമായ റോട്ടറി മീൻസ് ബിസിനസ് ഫെല്ലോഷിപ്പാണ് (ആർ എം ബി എഫ്) ഇൻക്രിബ് 3.0 സംഘടിപ്പിക്കുന്നത്. 2018 സെപ്തബറിലാണ് ആർ എം ബി എഫ് കൊച്ചിൻ ചാപ്റ്റർ ചാർട്ട് ചെയ്തത്. കൊച്ചിയിലേയും സമീപ നഗരങ്ങളിലേയും വിവിധ റോട്ടറി ക്ലബ്ബുകളിൽ നിന്നുള്ള 70ലേറെ റോട്ടേറിയന്മാരാണ് ഇതിലെ അംഗങ്ങൾ.

ബിസിനസ് സഹകരണങ്ങൾ, റഫറലുകൾ, ഫോർവേ ടെസ്റ്റ എന്നിവയിലൂടെ റോട്ടേറിയൻമാരുടെ പുരോഗതിയാണ് ആർ എം ബി എഫ് ലക്ഷ്യമിടുന്നത്. അതോടൊപ്പം യുവതലമുറകൾക്ക് റോട്ടറിയിൽ ചേരാൻ മികച്ച പ്രോത്സാഹനവും ഇതുവഴി ലഭിക്കുന്നു. എല്ലാ വ്യാഴാഴ്ചകളിലും രാവിലെ ഏഴര മുതൽ 9.15 വരെ ഐ എം എ കോൺഫറൻസ് സെന്ററിൽ പ്രതിവാര പ്രാതൽ മീറ്റിംഗുകളാണ് അരങ്ങേറാറുള്ളത്. കൂടുതൽ വിവരങ്ങൾക്ക് +91 9446534320, 8547731127 എന്നീ നമ്പറുകളിലും info@rmbcochin.com എന്ന ഇമെയിൽ വിലാസത്തിലും ബന്ധപ്പെടാവുന്നതാണ്.

# ഇലക്ട്രിക് വാഹന നിർമാണം: വാർഡ്‌വിസാർഡ് ട്രൈറ്റൺ ഇ.വിയുമായി കൈകോർക്കുന്നു

**കൊച്ചി:** ജോയ് ഇ ബൈക്ക് ബ്രാൻഡിന് കീഴിലുള്ള ഇന്ത്യയിലെ ഇലക്ട്രിക് വാഹനങ്ങളുടെ മുൻനിര നിർമ്മാതാക്കളായ വാർഡ്‌വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ് യു.എസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഇലക്ട്രിക് വാഹന നിർമാതാക്കളായ ട്രൈറ്റൺ ഇവിയുമായി ധാരണാപത്രം ഒപ്പുവച്ചു. അഞ്ച് വർഷം നീളുന്ന ഈ സഹകരണത്തിലൂടെ ഇന്ത്യയിലും യുഎഇയിലും വൈദ്യുത വാഹന രംഗത്ത് വിപ്ലവം സൃഷ്ടിക്കുകയാണ് ലക്ഷ്യം. വഡോദരയിലെ വാർഡ് വിസാർഡ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ട്രൈറ്റൺ ഇ.വി സ്ഥാപകൻ ഹിമാൻഷു പട്ടേലും വാർഡ്‌വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ യതിൻ സഞ്ജയ് ഗുപ്തെയും ധാരണപത്രത്തിൽ ഒപ്പുവച്ചു.

# ഗോദ്റെജ് ക്യാപിറ്റൽ നിർമാൺ

**കൊച്ചി:** ഗോദ്റെജ് ക്യാപിറ്റലിന്റെ ബിസിനസ് സൊലൂഷൻ സംവിധാനമായ നിർമാൺ ഡിബിഎസ് ബാങ്ക് ഇന്ത്യ, വീസ, ആമസോൺ എന്നിവയുമായി സഹകരിക്കും. ഇന്ത്യയിലും ആഗോളതലത്തിലും അവരുടെ ഉൽപന്നങ്ങൾ അവതരിപ്പിക്കാനും വിൽക്കാനുമുള്ള അവസരങ്ങൾ ഇതിന്റെ ഭാഗമായി ആമസോൺ ലഭ്യമാക്കും. ഡിബിഎസ് ബാങ്ക് ഇന്ത്യ സവിശേഷമായ കറന്റ് അക്കൗണ്ടുകളാവും നിർമാൺ ഉപഭോക്താക്കൾക്കു പ്രദാനംചെയ്യുക. വീസ ലളിതമായ ബാങ്കിങ് നീക്കങ്ങളും ആരംഭിക്കുമെന്ന് അധികൃതർ വ്യക്തമാക്കി

# യുവാക്കളുടെ ശാക്തീകരണം ലക്ഷ്യം; ജോബ് ഹേ വി സഹകരണം

**കൊച്ചി:** യുവാക്കളുടെ തൊഴിൽ അന്വേഷണത്തെ കൂടുതൽ മെച്ചപ്പെടുത്തും വിധം നൗക്രി ഗ്രൂപ്പിൻറെ ഭാഗമായ മുൻനിര ബ്ലൂ കോളർ റിക്രൂട്ട്മെൻറ് സംവിധാനമായ ജോബ് ഹേയും മുൻനിര ടെലികോം സേവന ദാതാവായ വിയും സഹകരിക്കും. വി ആപ്പിലുള്ള വി ജോബ്സ് & എജ്യൂക്കേഷനുമായി ജോബ് ഹേ സംയോജിപ്പിച്ചാവും ഇത്. യുവാക്കൾക്ക് ഗുണമേൻമയുള്ള കൂടുതൽ തൊഴിലവസരങ്ങൾ ഇതിലൂടെ ലഭ്യമാകുമെന്ന് അധികൃതർ പറഞ്ഞു.

ഡൽഹിയും ബെംഗളൂരുവും കൊച്ചിയും, മുംബൈയും ചെന്നൈയും അടക്കമുള്ള മുൻ നിര നഗരങ്ങളിലായി ലക്ഷക്കണക്കിനു തൊഴിലവസരങ്ങളാണ് ജോബ് ഹേ ഇപ്പോൾ ലിസ്റ്റു ചെയ്തിട്ടുള്ളത്. 50ൽ ഏറെ നഗരങ്ങളിലായി 45ൽ ഏറെ വിപുലമായ വിഭാഗങ്ങളിലെ പ്രാദേശിക ജോലികളാണ് ജോബ് ഹേ ലഭ്യമാക്കുന്നത്. ടെലികോളർ, സെയിൽസ്, ബിസിനസ് ഡെവലപമെൻറ്, ബാക്ക് ഓഫിസ്, ഗ്രാഫിക് ഡിസൈനർ, ഡെലിവറി, സെക്യൂരിറ്റി ഗാർഡ് തുടങ്ങിയ വിവിധ വിഭാഗങ്ങളിലാണ് ജോലികൾ. 10 പ്രാദേശിക ഭാഷകളിൽ ജോബ് ഹേയുടെ സേവനം ലഭിക്കും. സഹകരണത്തിൻറെ ഭാഗമായി വി ഉപഭോക്താക്കൾക്ക് പുതുതായി ലിസ്റ്റു ചെയ്യുന്ന ജോലികൾ 30 മിനിറ്റ് നേരത്തെ ദൃശ്യമാകും.

## ഐസിഐസിഐ ബാങ്ക് റുപെ ക്രെഡിറ്റ് കാർഡുകൾ വഴിയുള്ള യുപിഐ ഇടപാടുകൾ അവതരിപ്പിച്ചു

**കൊച്ചി:** ഐസിഐസിഐ ബാങ്ക് റുപെ ക്രെഡിറ്റ് കാർഡുകൾ വഴിയുള്ള യുപിഐ ഇടപാടുകൾക്ക് തുടക്കം കുറിച്ചു. ഇടപാടുകാർക്ക് തങ്ങളുടെ റുപെ ക്രെഡിറ്റ് കാർഡുകൾ യുപിഐയുമായി ലിങ്കു ചെയ്ത് കച്ചവടക്കാർക്കുള്ള പണം നൽകൽ, ഓൺലൈൻ ഷോപ്പിങ്, യൂട്ടിലിറ്റി ബിൽ അടക്കൽ, പിഒഎസ് ഇടപാടുകൾ തുടങ്ങിയവയെല്ലാം നടത്താനാവും. ഇതിനു പുറമെ തങ്ങളുടെ ചെലവഴിക്കലുകൾക്ക് റിവാർഡ് പോയിൻറുകൾ നേടാനുമാവും. നാഷണൽ പെയ്മെൻറ് കോർപറേഷൻ ഓഫ് ഇന്ത്യയുമായി ബാങ്ക് സഹകരിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് ഐസിഐസിഐ ബാങ്ക് കോറൽ റുപേ ക്രെഡിറ്റ് കാർഡ്, ഐസിഐസിഐ ബാങ്ക് എച്ച്പിസിഎൽ സൂപ്പർ സേവർ റുപേ ക്രെഡിറ്റ് കാർഡ്, ഐസിഐസിഐ ബാങ്ക് റൂബിക്സ് റുപേ ക്രെഡിറ്റ് കാർഡ് എന്നിവ യുപിഐയിലേക്ക് ലിങ്ക് ചെയ്യാം. ഐമൊബൈൽ പേ ഉൾപ്പെടെയുള്ള ഏതെങ്കിലും യുപിഐ പേയ്മെൻ്റ് ആപ്പ് ഉപയോഗിച്ച് അവർക്ക് വ്യാപാരി ക്യു ആർ കോഡ് സ്കാൻ ചെയ്യാനും അവരുടെ റുപേ ക്രെഡിറ്റ് കാർഡിൽ നിന്ന് പേയ്മെൻ്റ് നടത്താനും കഴിയും.ഇടപാടുകാർക്ക് കൂടുതൽ ലിക്വിഡിറ്റി നൽകുന്നതും 50 ദിവസം വരെ പലിശ രഹിത വായ്പ ലഭ്യമാക്കുന്നതുമാണ് ഈ നീക്കമെന്ന് ഐസിഐസിഐ ബാങ്ക് കാർഡ്സ് വിഭാഗം മേധാവി ബിജിത്ത് ഭാസ്കർ പറഞ്ഞു.

## രക്തദാനയജ്ഞവുമായി ഫെഡറൽ ബാങ്ക് ജീവനക്കാർ

**കൊച്ചി:** ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് രാജ്യത്തുടനീളമുള്ള ഫെഡറൽ ബാങ്ക് ജീവനക്കാർ 1300 ലേറെ യൂനിറ്റ് രക്തം ദാനം ചെയ്തു. ബാങ്കിന്റെ സാമൂഹിക ഉത്തരവാദിത്ത പദ്ധതിയുടെ ഭാഗമായി സൺഷൈൻ എന്ന പേരിലുള്ള സന്നദ്ധസേവന പദ്ധതിയ്ക്ക് കീഴിൽ സംഘടിപ്പിച്ച രക്തദാന യജ്ഞത്തിന് ഒക്ടോബർ 18 നാണ് തുടക്കമിട്ടത്.

FEDERAL BANK
YOUR PERFECT BANKING PARTNER

ലോക എയ്ഡ്സ് ദിനമായ ഡിസംബർ ഒന്നിന് സമാപിച്ച യജ്ഞത്തിലൂടെ റെഡ്ക്രോസ് സൊസൈറ്റിയ്ക്കും കിംസ് ഹെൽത് കെയർ, ആസ്റ്റർ, മണിപ്പാൽ, ഫോർട്ടിസ് തുടങ്ങി രാജ്യത്തുടനീളമുള്ള 30 ആശുപത്രികൾക്കുമാണ് രക്തം നൽകിയത്. 1300 ലേറെ ജീവനക്കാർ യജ്ഞത്തിൽ പങ്കാളികളായി.ഫെഡറൽ ബാങ്ക് ജീവനക്കാരുടെ കൂട്ടായ സേവന സന്നദ്ധതയ്ക്കുള്ള ഉദാഹരണമാണ് ബാങ്കിന്റെ സ്ഥാപകനായ കെ പി ഹോർമിസിന്റെ ജന്മദിനമായ ഒക്ടോബർ 18 നു തുടക്കമിട്ട് ലോക എയിഡ്സ് ദിനമായ ഡിസംബർ 1 നു പരിസമാപിച്ച ഈ മഹാരക്തദാന യജ്ഞമെന്നും ഈ നിസ്വാർത്ഥ സേവനവും പരിശ്രമങ്ങളും സാമൂഹത്തിന്റെ ആരോഗ്യത്തിലും ക്ഷേമത്തിലും ഗുണപരമായ സ്വാധീനം ചെലുത്തുമെന്നും ഫെഡറൽ ബാങ്ക് ചീഫ് ഹ്യൂമൻ പറഞ്ഞു

# എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു കളിക്കളം ലക്ഷ്യമെന്ന് അബ്ദുറഹ്മാൻ

**കോഴിക്കോട്:** സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലും ഒരു കളിക്കളം എന്ന ലക്ഷ്യം അടുത്ത സാമ്പത്തിക വർഷത്തോടെ കൈവരിക്കുമെന്ന് സംസ്ഥാന കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹ്മാൻ.

ഇന്റർ നാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള 2024 (കടഗ) ന്റെ ഭാഗമായി കോഴിക്കോട് വി.കെ കൃഷ്ണമേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ജില്ലാ സ്പോർട്സ് സമ്മിറ്റ് ഓൺലൈനായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

പുതുതുതായി 113 ഗ്രാമപഞ്ചായത്തുകൾക്ക് കളിക്കളത്തിനായി പണം അനുവദിച്ച് കഴിഞ്ഞതായും എംഎൽഎ ഫണ്ട് ഉപയോഗിച്ച് 60 ഓളം കളിക്കളങ്ങളും തയ്യാറായതായും മന്ത്രി പറഞ്ഞു. കായിക മേഖലയുടെ സമഗ്ര വികസനത്തിനായാണ് സർക്കാർ പുതിയ കായിക നയം കൊണ്ടുവന്നിട്ടുള്ളത്. ഈ നയത്തിന്റെ ഭാഗമായി പ്രഗൽഭരായ കായിക താരങ്ങളെ പങ്കെടുപ്പിച്ചു സംസ്ഥാന തലത്തിൽ സമ്മിറ്റ് നടക്കും. അതിനു മുന്നോടിയായി ജില്ലാതലത്തിലും പ്രാദേശിക തലത്തിലുമാണ് ആദ്യം സമ്മിറ്റ് സംഘടിപ്പിക്കുന്നത്.

കായിക മേഖലയുടെ വികസനത്തിന് തദ്ദേശസ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കണം എന്ന തീരുമാനത്തിന്റെ ഭാഗമായി അടുത്ത ബജറ്റിൽ പഞ്ചായത്തുകൾക്ക് സ്പോർട്സ് ഇനത്തിൽ പ്രത്യേകം തുക നീക്കിവെക്കും. അതോടുകൂടി പ്രാദേശിക തലത്തിലെ കായിക മേഖലയ്ക്ക് ഉത്തേജനമുണ്ടാവും. കോവിഡിന് ശേഷം ആരോഗ്യ രംഗത്ത് വന്ന മാറ്റം ജനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അത് കൊണ്ട് കായിക പ്രവർത്തനം എല്ലാ യിടുത്തും നിർബന്ധമാക്കേണ്ടതുണ്ട്, മന്ത്രി ചൂണ്ടിക്കാട്ടി.

പഞ്ചായത്ത് തല സ്പോർട്സ് കൗൺസിൽ ജില്ലാ തല സ്പോർട്സ് കൗൺസിലുമായി ചർച്ച നടത്തി ഓരോ പ്രദേശത്തും നടപ്പിലാക്കുന്ന കായിക പ്രവർത്തനങ്ങളുടെ പദ്ധതി തയ്യാറാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക കായിക മേഖലയ്ക്കായി പദ്ധതികൾ തയ്യാറാക്കുകയും ചെയ്യും.

സ്പോർട്സ് എക്കണോമി വളർത്തിക്കൊണ്ടുവരുന്നതിനുള്ള ആശയങ്ങൾ രൂപീകരിക്കലിന്റെ ഭാഗമായാണ് സ്പോർട്സ് സമ്മിറ്റ് നടത്തുന്നത്.

ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പുതിയ കരിക്കുലം ഫ്രെയിം വർക്ക് കൊണ്ടുവരികയാണെന്ന് പറഞ്ഞ കായികമന്ത്രി ഡിഗ്രി, പിജി കോളേജുകളിൽ കായിക പഠനം ഒരു വിഷയമായി വന്നിട്ടുണ്ടെന്നും ഇതെല്ലാം കായിക മേഖലയിലെ പുതിയ തൊഴിലവസരങ്ങൾ രൂപപ്പെടുന്നതിന് കാരണമാകുമെന്നും വ്യക്തമാക്കി.

തദ്ദേശ സ്വയം ഭരണ തലത്തിൽ കായിക പരിശീലകരെ ഉൾപ്പെടുത്തുന്ന പുതിയ ഉത്തരവിലൂടെ സംസ്ഥാനത്ത് കായിക പരിശീലന മേഖലയിൽ മാത്രം 5000 തൊഴിലവസരങ്ങൾ രൂപപ്പെടുത്താൻ സാധിച്ചതായും മന്ത്രി കൂട്ടിച്ചേർത്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഷീജ ശശി അധ്യക്ഷത വഹിച്ചു. വനം വകുപ്പ് മന്ത്രി എ. കെ ശശീന്ദ്രൻ, തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ എന്നിവർ സമ്മിറ്റിന് ആശംസകൾ നേർന്നു.

കേരളത്തെ കായിക നിക്ഷേപത്തിനും വികസനത്തിനുമുള്ള മികച്ച ഡസ്റ്റിനേഷനുകളൊന്നായി മാറ്റുന്നതിനായാണ് ജനുവരി 23, 24, 25, 26 തീയതികളിൽ തിരുവനന്തപുരത്ത് ഇൻറർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള 2024 സംഘടിപ്പിക്കുന്നത്. കേരളത്തിലെ മുഴുവൻ ജനങ്ങളെയും കായിക സാക്ഷരതയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യവും സമ്മിറ്റിനുണ്ട്.

ചടങ്ങിൽ മേയർ ബീന ഫിലിപ്പ്, ലിന്റോ ജോസഫ് എംഎൽഎ, സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് യു. ഷറഫലി, സ്പോർട്സ് കേരള ഫൗണ്ടേഷൻ ഡയറക്ടർ എ പ്രദീപ് കുമാർ, സംസ്ഥാന സ്പോർട്സ് കൗൺസിൽ മുൻ പ്രസിഡന്റ് ടി പി ദാസൻ, ബ്ലോക്ക് നഗരസഭ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങിയവർ സംസാരിച്ചു. ഇൻറർനാഷണൽ സ്പോർട്സ് സമ്മിറ്റ് കോഓർഡിനേറ്റർ സെബിൻ പൗലോസ് വിഷയാവതരണം നടത്തി.

ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഒ. രാജഗോപാൽ സ്വാഗതവും, ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി പ്രപു പ്രേമനാഥ് നന്ദിയും പറഞ്ഞു.

# ലോക ഭിന്നശേഷി ദിനം : ഒരു മാസത്തെ പരിപാടികളുമായി എസ്എസ്കെ

**കോഴിക്കോട്:** ലോക ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് ഡിസംബർ ഒന്നു മുതൽ ഡിസംബർ 31 വരെ ഒരു മാസം നീണ്ടു നിൽക്കുന്ന വിവിധ പരിപാടികൾ സ്കൂൾ ബി.ആർ.സി. ജില്ലാതലങ്ങളിൽ നടക്കുമെന്ന് സമഗ്ര ശിക്ഷാ ജില്ലാ പ്രോജക്ട് കോർഡിനേറ്റർ ഡോ. എ. കെ. അബ്ദുൾ ഹക്കീം അറിയിച്ചു.

ഉദ്ഘാടന ദിവസമായ ഡിസംബർ ഒന്നിന് സാമൂഹ്യ ബോധവത്കരണം ലക്ഷ്യമാക്കി സകുൾതലത്തിൽ വിളംബരജാഥ നടക്കും. രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ, ജനപ്രതിനിധികൾ, എൻ.എസ്.എസ്., എൻ.സി.സി., ജെ.ആർ.സി., എസ്.പി.സി, സ്കൗട്ട് ആൻഡ് ഗൈഡ്സ് എന്നിവരുടെ പങ്കാളിത്തത്തോടെയാണ് വിളംബര ജാഥകൾ നടക്കുക.

വെല്ലുവിളി നേരിടുന്ന മനുഷ്യരും സുസ്ഥിര വികസന ലക്ഷ്യത്തിലേക്ക് എന്നതാണ് ഈ വർഷത്തെ ലോകഭിന്നശേഷി ദിന സന്ദേശം, ഡിസംബർ മൂന്നിന് എസ്.എസ്.കെ. തയ്യാറാക്കി നൽകുന്ന ഭിന്നശേഷി ദിന പ്രമേയ പോസ്റ്റർ സ്റ്റാറ്റസ് ആക്കിക്കൊണ്ട് ഭിന്നശേഷി സൗഹൃദ ബോധവത്കരണ പ്രവർത്തനങ്ങൾ നടക്കും. ഡിസംബർ 4ന് സ്കൂളുകളിൽ സ്പെഷ്യൽ അസംബ്ലിയും ബിഗ് ക്യാൻവാസിൽ ചിത്രരചനയും നടക്കും. ഡിസംബർ എട്ടിന് ഹൈസ്കൂൾ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി ഡിജിറ്റലായും, യു.പി. വിഭാഗം കുട്ടികൾക്ക് ചാർട്ട് പേപ്പറിലും, പോസ്റ്റർ നിർമ്മാണം, എൽ.പി. വിഭാഗത്തിൽ കളറിംഗ് മത്സരം എന്നിവ നടക്കും.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സാമൂഹിക ഉൾച്ചേരൽ ലക്ഷ്യമാക്കി സായാഹ്ന ജനകീയ സദസ്സുകൾ സംഘടിപ്പിക്കും. അയൽക്കൂട്ടങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, സാംസ്കാരിക സംഘടനകൾ, വാർഡ്തല സമിതികൾ മുതലായവ കേന്ദ്രീകരിച്ചാണ് സദസ്സുകൾ സംഘടിപ്പിക്കുക. ഹയർസെക്കണ്ടറി കുട്ടികൾക്കായി ഷോർട്ട് ഫിലിം തിരക്കഥാരചന, സ്കൂൾതല ഫിലിം ഫെസ്റ്റിവൽ എന്നിവ ഉണ്ടാകും. ഡിസംബർ 27ന് ബി.ആർ.സിതലത്തിൽ ഇൻക്ലൂസീവ് കായികോത്സവം സംഘടിപ്പിക്കും. ഭിന്നശേഷി കുട്ടികൾ, അവരുടെ രക്ഷിതാക്കൾ എന്നിവരുടെ സ്നേഹസംഗമവും നടക്കും. കലാപരിപാടികളുമുണ്ടാകും.

ഭിന്നശേഷി മാസാചരണത്തിന്റെ ജില്ലാതല സമാപന പരിപാടി ഫറോക്കിൽ നടക്കും. ഡിസംബർ 30ന് നടക്കുന്ന സമാപന സമ്മേളനത്തിൽ മന്ത്രിമാർ, ജനപ്രതിനിധികൾ, ഭിന്നശേഷി മേഖലയിൽ നിന്ന് ഉന്നത പദവിയിലെത്തിയവർ, കുട്ടികൾ, രക്ഷിതാക്കൾ എന്നിവർ പങ്കെടുക്കും.

ഭിന്നശേഷി കുട്ടികൾക്കാവശ്യമായ കണ്ണട, ശ്രവണ സഹായി, മറ്റ് സഹായക ഉപകര ണങ്ങൾ എന്നിവയുടെ വിതരണവും ഡിസംബർ 30നകം പൂർത്തിയാക്കും. സ്കൂളിൽ വന്നു പോകാനുള്ള ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ് എന്നീ ഇനങ്ങളിലായി 77 ലക്ഷം രൂപയും ഉപകരണവിതരണത്തിനായി 73 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. റീഡർ അലവൻസ്, വിവിധ തെറാപ്പികൾ, ഓട്ടിസം സെന്ററുകളുടെ പ്രവർത്തനം, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം മുതലായവയ്ക്കായി ഭിന്നശേഷി മേഖലയിൽ നടപ്പുവർഷം 10 കോടിയോളം രൂപ വകയിരുത്തിയിട്ടുള്ളതായി ജില്ലാ പ്രോജക്ട് കോർഡിനേറ്റർ അറിയിച്ചു.

# കേരളം ആയുർവേദത്തിന്റെ കളിത്തൊട്ടിൽ: ഉപരാഷ്ട്രപതി

**തിരുവനന്തപുരം:** കേരളം ആയുർവേദത്തിന്റെ കളിത്തൊട്ടിലാണെന്ന് ഉപരാഷ്ട്രപതി ജഗ്‌ദീപ് ധൻകർ അഭിപ്രായപ്പെട്ടു. തിരുവനന്തപുരത്ത് ആഗോള ആയുർവേദ ഫെസ്റ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആയുർവേദത്തിന്റെ പരിവർത്തനരീതികളിൽ മുഴുകി കേരളത്തിന്റെ ശാന്തമായ ചുറ്റുപാടുകളിൽ പുനരുജ്ജീവനവും രോഗശാന്തിയും തേടുകയാണ് ലോകമെമ്പാടുമുള്ള സഞ്ചാരികൾ. കേരളത്തിന്റെ ആയുർവേദ ടൂറിസം ക്ഷേമത്തെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ചയ്ക്ക് ഗണ്യമായ സംഭാവന നൽകുകയും ചെയ്യുന്നു.

ആയുഷ്മാൻ ഭാരത് പദ്ധതിക്ക് കീഴിൽ ആയുഷ് മന്ത്രാലയം രാജ്യത്തുടനീളം ആയുഷ് ആരോഗ്യ സ്വാസ്ഥ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുകയാണ്. ഈ ചുവടുവയ്പ് ഒരു നാഴികക്കല്ലാണ്. പരമ്പരാഗത വൈദ്യശാസ്ത്ര സമ്പ്രദായങ്ങളുടെ വ്യാപകമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും സാർവത്രിക ആരോഗ്യ സംരക്ഷണം എന്ന ലക്ഷ്യത്തിലേക്ക് നീങ്ങാനും ഇത് ഇന്ത്യയെ സഹായിക്കും. 8 വർഷം മുമ്പ് ഏകദേശം 20,000 കോടി രൂപയായിരുന്ന ആയുഷ് വ്യവസായം ഇന്ന് ഏകദേശം 1.5 ലക്ഷം കോടി രൂപയിലെത്തി. ഇന്ത്യയുടെ ഡിജിറ്റൽ ആവാസവ്യവസ്ഥയും ഇന്റർനെറ്റ് വ്യാപനവും വാഗ്ദാനം ചെയ്യുന്ന വലിയ സാധ്യതകൾ പ്രയോജനപ്പെടുത്തി ടെലിമെഡിസിൻ ഡിജിറ്റൽ സംവിധാനങ്ങളിലൂടെ ആയുഷിന്റെ ലഭ്യത നഗരഗ്രാമീണ സമൂഹങ്ങളിൽ ഒരുപോലെ വിപുലീകരിക്കാൻ കഴിഞ്ഞു. ഏകദേശം 40,000 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) ആയുഷ് മേഖലയ്ക്ക് സജീവമായ സംഭാവന ചെയ്യുന്നു എന്നതു ശ്രദ്ധേയമാണെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

ചെലവ് കുറഞ്ഞ ആയുഷ് സേവനങ്ങളിലൂടെ ആയുഷ് ചികിത്സാ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച ദേശീയ ആയുഷ് ദൗത്യം ഏറെ ഫലപ്രദമാണ്. ആയുർവേദ ചികിത്സയെ വികസിപ്പിക്കുന്നതിനും ആരോഗ്യപരിപാലന മുഖ്യധാരയിലെത്തിക്കുന്നതിനുമുള്ള അനുകൂല അന്തരീക്ഷം സൃഷ്ടിക്കാനായിട്ടുണ്ടെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

# ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് പരിശീലനം ഉറപ്പാക്കണമെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ

## ഹരിതകർമ്മസേനയുടെ പ്രവർത്തനം മാതൃകാപരം

**കോഴിക്കോട്:** ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് വിദഗ്ധ പരിശീലനം നൽകണമെന്ന് വനിതാ കമ്മിഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി. വനിതാ കമ്മിഷനും കോഴിക്കോട് ജില്ലാ പഞ്ചായത്തും സംയുക്തമായി സംഘടിപ്പിച്ച പരിസ്ഥിതിയും സ്ത്രീ പ്രശ്നങ്ങളും സംസ്ഥാന സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ.

എല്ലാ ജില്ലകളിലും ദുരന്തനിവാരണ സേനയിൽ സ്ത്രീകളെ ഉൾപ്പെടുത്തണം. കേരളത്തെ മാലിന്യമുക്തമാക്കുന്നതിന് ഹരിതകർമ്മസേന നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണ്. സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്ന പ്രവർത്തനങ്ങളിൽ ഏറ്റവും കൂടുതൽ പങ്ക് വഹിക്കുന്നത് ഹരിതകർമ്മസേനയാണ്. ഈ സേനയിൽ പ്രവർത്തിക്കുന്നത് സ്ത്രീകളാണ് എന്നത് അഭിമാനകരമാണ്. കൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനമായിരുന്നിട്ടും ആരോഗ്യപരിപാലനത്തിന്റെ കാര്യത്തിൽ ഏറ്റവും മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സംസ്ഥാനമാണ് കേരളമെന്നത് അഭിമാനകരമാണ്. സമൂഹത്തിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടി തദ്ദേശസ്ഥാപനതലത്തിലുള്ള ജാഗ്രതാ സമിതികൾ ഏറ്റെടുക്കണം.

ആഗോളതാപനവും മറ്റു പാരിസ്ഥിതിക പ്രശ്നങ്ങളും ഉൾപ്പെടെ മോശം അവസ്ഥയിലേക്ക് ലോകം എത്തിയത് 1990ന് ശേഷമാണ്. ആഗോളവത്കരണ നയങ്ങളാണ് ഇതിലേക്കു നയിച്ചത്. ഹീനവും തെറ്റായതും പ്രകൃതിക്കുതന്നെ ഹാനികരവുമായ സമീപനങ്ങളിലൂടെ സാമ്രാജ്യത്വ ശക്തികൾ മുന്നോട്ടു വരുന്ന സ്ഥിതിയുണ്ടായി. ആഗോളതാപനത്തിനിടയാക്കിയ സാഹചര്യങ്ങളെ കുറിച്ച് അന്തർദേശീയ തലത്തിൽ തന്നെ ചർച്ചകൾ ഉയർന്നു വന്നിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങളെ തിരിച്ചറിയാനും ഇടപെടാനും ശാശ്വതമായ പരിഹാരം കണ്ടെത്തി വരാനിരിക്കുന്ന നാളുകളിൽ പുതിയ തലമുറയ്ക്ക് ആരോഗ്യകരമായ ജീവിതം ഉറപ്പാക്കാനും നമുക്കു കഴിയണം. ഓരോ വീടിന്റെ അകവും പരിസരവും മാലിന്യമുക്തമായി സൂക്ഷിക്കുന്നതിന് കൃത്യമായ ധാരണ മുഴുവൻ കുടുംബാംഗങ്ങൾക്കും ഉണ്ടാകണമെന്നും കമ്മീഷൻ അധ്യക്ഷ പറഞ്ഞു.



കോഴിക്കോട് ടൗൺഹാളിൽ നടന്ന സെമിനാറിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി അധ്യക്ഷത വഹിച്ചു. സുസ്ഥിര പരിസ്ഥിതി സംരക്ഷണം: ലിംഗപദവി വികസന വീക്ഷണത്തിൽ എന്ന വിഷയത്തിൽ സാമൂഹ്യ ശാസ്ത്രജ്ഞയും എഴുത്തുകാരിയുമായ സി.എസ്. ചന്ദ്രികയും പ്രകൃതി ദുരന്തങ്ങൾ: സ്ത്രീപക്ഷ സമീപനം എന്ന വിഷയത്തിൽ വനിതാ കമ്മീഷൻ റിസർച്ച് ഓഫീസർ എ.ആർ. അർച്ചനയും സംസാരിച്ചു. സംസ്ഥാന സെമിനാറിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണം പശ്ചാത്തലമാക്കി പ്രശസ്ത മാന്ത്രികൻ രാജീവൻ മേമുണ്ട അവതരിപ്പിച്ച മാജിക് ഷോയും അരങ്ങേറി.

വനിതാ കമ്മിഷൻ മെമ്പർ സെക്രട്ടറി സോണിയ വാഷിംഗ്ടൺ, വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ വി.പി. ജമീല, ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ പി.പി. നിഷ, പൊതുമരാമത്ത് സ്ഥിരം സമിതി അധ്യക്ഷ കെ.വി. റീന, ജില്ലാ വനിതാ ശിശു വികസന ഓഫീസർ സബീന ബീഗം, കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ ആർ. സിന്ധു എന്നിവർ സംസാരിച്ചു.

# കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവത്തിന് തിരി തെളിഞ്ഞു

**കൊച്ചി :** ഇരുപത്തി ആറാമത് കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവത്തിന് തിരിതെളിഞ്ഞു. എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ പ്രശസ്ത ഗാന രചയിതാവ് ശ്രീ. ശ്രീകുമാരൻ തമ്പി പുസ്തകോത്സവം ഉദ്ഘാടനം ചെയ്തു. പ്രൊഫ. എം കെ സാനു അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീ കെ ജയകുമാർ പുസ്തകോത്സവ സന്ദേശം നൽകി.കെഎൽ മോഹനവർമ്മ, ശ്രീ ടിജെ വിനോദ് എംഎൽഎ, കൊച്ചി മേയർ ശ്രീ എം. അനിൽ കുമാർ, ശ്രീമതി ശ്രീകുമാരി രാമചന്ദ്രൻ, അഡ്വ. എം ശശിശങ്കർ, ശ്രീ ലിജി ഭരത്, തുടങ്ങിയവർ സംസാരിച്ചു. ചടങ്ങിൽ സംഗീത സംവിധായകൻ ടി എസ് രാധാകൃഷ്ണനെ ആദരിച്ചു.ഡിസംബർ ഒന്ന് മുതൽ പത്ത് വരെ 10 ദിവസങ്ങളിലായി നടക്കുന്ന പുസ്തകോത്സവത്തിൽ 200 പ്രസാധകരും 200 ന് മുകളിൽ എഴുത്തുകാരും പങ്കെടുക്കും. 100 ഓളം പുസ്തകങ്ങളുടെ പ്രകാശനവും പുസ്തകോത്സവത്തിന്റെ ഭാഗമായി നടക്കും.

# പുതുമകളുമായി അഡ്വാൻടെക് വീൽസ്

**കൊച്ചി:** കാർ അനുബന്ധ ഉൽപ്പന്ന വിപണിയിലെ പ്രമുഖ സ്ഥാപനമായ അഡ്വാൻടെക് വീൽസ് ഉപഭോക്താക്കളിലേക്ക് നേരിട്ട് എത്തുന്നതിനായി മാർക്കറ്റിംങ്ങിലും സാങ്കേതിക വിദ്യയിലും നവീന പദ്ധതികൾ അവതരിപ്പിച്ചു. ഹൈ ഓൺ വീൽസ്, ഫ്ലോട്ടിംഗ് വീൽ കപ്പ്, എലമെന്റ് പെയ്ന്റിംഗ്, ഓർഗനൈസ്ഡ് റിയാലിറ്റി എന്നിവയാണ് പുതിയ സംരംഭങ്ങൾ. ഗുണമേൻമയും ദീർഘകാലം ഈട് നിൽക്കുന്നതുമായ പ്രീമിയം ഫ്ളോ ഫോർജ്ഡ് അലോയ് വീലുകൾ ഉടനെ വിപണിയിൽ എത്തും. 16 മുതൽ 22 ഇഞ്ച് വരെ വലുപ്പത്തിൽ വൈവിധ്യവും സമഗ്രവുമായ മൂന്ന് ഡിസൈനുകളിലാണ് ഇവ നിർമ്മിക്കുന്നത്. കമ്പനിയുടെ ം൦൦.മറ്മിലേരം്വലലഹ.രീാ ലൂടെ ഓൺലൈനായി രാജ്യത്തെമ്പാടുമുള്ള ഉപഭോക്താക്കൾക്കും വിതരണക്കാർക്കും നേരിട്ട് ഇവ എത്തിക്കും. വാഹനങ്ങളുടെ ടയറുകൾ, വീലുകൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന വീഡിയോ ട്യൂട്ടോറിയലും തയ്യാറാക്കിയിട്ടുണ്ട്. അടുത്ത വർഷത്തിന്റെ ആദ്യഭാഗത്തോടുകൂടി ജമ്മുവിലെ ആധുനിക നിർമ്മാണ കേന്ദ്രം പ്രവർത്തനം ആരംഭിക്കുമെന്ന് അഡ്വാൻടെക് വീൽസ് സ്ഥാപകനായ ജെസ്നീത് സിംഗ് പറഞ്ഞു. വിപണിയിൽ ആദ്യമായി എലമെന്റ് പെയ്ന്റിംഗ് സാങ്കേതികവിദ്യയും കമ്പനി അവതരിപ്പിക്കും. ഓരോരുത്തരുടേയും താൽപര്യത്തിനനുസരിച്ച് വ്യത്യസ്തമായ 25 ഓളം ഡിസൈനുകളിലും ഫിനിഷുകളിലും വീൽ ഒരുക്കാൻ എലമെന്റ് പെയ്ന്റിംഗ് വഴി സാധിക്കുമെന്നും അദ്ദേഹം അറിയിച്ചു.

# അന്താരാഷ്ട്ര ഭിന്നശേഷി ദിനാചാരണം ഉണർവ്2023 സംഘടിപ്പിക്കുന്നു

**കൊച്ചി:** ജില്ലാ ഭരണകൂടവും ജില്ലാ പഞ്ചായത്തും സാമൂഹ്യനീതി വകുപ്പും സംയുക്തമായി അന്താരാഷ്ട്ര ഭിന്നശേഷി ദിനാചാരണം ഉണർവ് 2023 സംഘടിപ്പിക്കുന്നു. ഡിസംബർ 3ന് (ഞായർ) തൃക്കാക്കര ഭാരത് മാതാ കോളേജ് ഓഡിറ്റോറിയത്തിലാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

രാവിലെ 9 മുതൽ ആരംഭിക്കുന്ന ഭിന്നശേഷി ദിനാചരണത്തിൽ കലാപരിപാടികളുടെ ഉദ്ഘാടനം 10.30ന് ഉമ തോമസ് എം.എൽ.എ നിർവ്വഹിക്കും. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് അധ്യക്ഷത വഹിക്കും. ഉച്ചയ്ക്കുശേഷം 3 ന് ആരംഭിക്കുന്ന സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് നിർവ്വഹിക്കും. തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ രാധാമണി പിള്ള അധ്യക്ഷത വഹിക്കും. സമാപന സമ്മേളനത്തിൽ 2023 ലെ മികച്ച മുനിസിപ്പാലിറ്റിക്കുള്ള സംസ്ഥാന ഭിന്നശേഷി അവാർഡ് നേടിയ ഏലൂർ മുനിസിപ്പാലിറ്റിയെ ആദരിക്കൽ, സമ്മാന വിതരണം എന്നിവ നടക്കും.

ഭിന്നശേഷിക്കാർക്ക് മികച്ചതും മനോഹരവുമായ ലോകം പടുത്തുയർത്തുവാൻ ഒരുമിച്ച് പ്രവർത്തിക്കുവിൻ' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് ഈ വർഷത്തെ ഭിന്നശേഷി ദിനാചരണം ലോകമെമ്പാടും ആചരിക്കുന്നത്.

# സീ 5 ഗ്ലോബൽ അമേരിക്കയിൽ ആഡ് ഓണുകൾ അവതരിപ്പിക്കുന്നു

**കൊച്ചി:** സ്ട്രീമിങ് സേവനദാതാക്കളായ സീ5 ഗ്ലോബൽ അമേരിക്കയിൽ വിവിധ ദക്ഷിണേഷ്യൻ സ്ട്രീമിങ് സംവിധാനങ്ങളെ സീ5 ഗ്ലോബലിനുള്ളിൽ ലഭ്യമാക്കുന്ന ആഡ് ഓണുകൾ അവതരിപ്പിച്ചു. ദക്ഷിണേഷ്യൻ വിനോദ പ്ലാറ്റ്ഫോമുകളെല്ലാം സീ5 ഗ്ലോബലിൽ തന്നെ ലഭ്യമാകുന്ന ഏകജാലക മായിരിക്കും ഈ ആഡ് ഓണുകൾ. ആഡ് ഓൺ വിലകൾ 1.49 ഡോളർ മുതലായിരിക്കും ആരംഭിക്കുക.മുംബൈയിൽ ബോളിവുഡ് സെലിബ്രിറ്റികളും വ്യവസായ രംഗത്തെ പ്രമുഖരും പങ്കെടുത്ത ചടങ്ങിൽ വെച്ച് സീ5 ഗ്ലോബൽ ഡിജിറ്റൽ ബിസിനസ് ആൻറ് പ്ലാറ്റ്ഫോംസ് പ്രസിഡൻറ് അമിത് ഗോയങ്ക, ചീഫ് ബിസിനസ് ഓഫിസർ അർച്ചന ആനന്ദ് എന്നിവർ സീ5 ഗ്ലോബൽ ആഡ് ഓണുകൾ പുറത്തിറക്കി.അമേരിക്കൻ വിപണിയിലെ ഏറ്റവും വലിയ ദക്ഷിണേഷ്യൻ സ്ട്രീമിങ് സംവിധാനമെന്ന തങ്ങളുടെ നേതൃസ്ഥാനം കൂടുതൽ അരക്കിട്ടുറപ്പിക്കുന്നതാണ് ആഡ് ഓണുകളുടെ അവതരണം എന്ന് സീ5 ഗ്ലോബൽ ചീഫ് ബിസിനസ് ഓഫിസർ അർച്ചന ആനന്ദ് പറഞ്ഞു. വിവിധ സ്ട്രീമിങ് പ്ലാറ്റ്ഫോമുകളിൽ നിന്നുള്ള ഏറ്റവും മികച്ച ദക്ഷിണേഷന്ത്യൻ ഉള്ളടക്കങ്ങൾ സീ5 ഗ്ലോബലിനുള്ളിൽ തന്നെ ലഭ്യമാക്കുന്നതായിരിക്കും ഈ ആഡ് ഓണുകളെന്നും അർച്ചന ആനന്ദ് പറഞ്ഞു.എല്ലാ ദക്ഷിണേന്ത്യൻ ഭാഷകളും ഉള്ള സിംപ്ലി സൗത്ത്, മലയാളം നൽകുന്ന ഐസ്ട്രീം, ഗുജറാത്തി നൽകുന്ന ഓഹോ ഗുജറാത്തി, പഞ്ചാബി, ഭോജ്പൂരി, ഹര്യാൺവി എന്നിവയുള്ള ചൗപാൽ, കന്നഡ ലഭ്യമാക്കുന്ന നമ്മഫിക്സ്, ഹിന്ദിയിലെ എപിക് ഓൺ, തുടങ്ങിയവ സീ5 ഗ്ലോബൽ ആഡ് ഓണുകളിൽ ലഭ്യമാക്കുന്നുണ്ട്.ഡിജിറ്റൽ ഉള്ളടക്കങ്ങളുടെ ഉപയോഗവും വിതരണ രീതികളും ആഗോള തലത്തിലേക്കു വികസിച്ചു കൊണ്ടിരിക്കെ കൂടുതൽ മികച്ച ഉള്ളടക്കങ്ങൾക്കായും വ്യക്തിഗത അനുഭവങ്ങൾക്കായും ഉള്ള ഉപഭോക്തൃ ആവശ്യം വർധിച്ചു വരികയാണെന്ന് സീ എൻറർടൈൻമെൻറ് എൻറർപ്രൈസസ് ഡിജിറ്റൽ ബിസിനസ് ആൻറ് പ്ലാറ്റ്ഫോം പ്രസിഡൻറ് അമിത് ഗോയങ്ക പറഞ്ഞു. സീ5 ആഡ് ഓണുകളുമായുള്ള തങ്ങളുടെ അഗ്രിഗേറ്റർ പ്ലാറ്റ്ഫോം അവതരിപ്പിക്കുന്നതോടെ ആഗോള വിപണിയിലെ പുതിയ അവസരങ്ങൾ വളർത്തിയെടുക്കുക കൂടിയാ ണെന്നും അദ്ദേഹം പറഞ്ഞു.ഈ ആഡ് ഓണുകൾ വരുന്നതോടെ ഉപഭോക്താക്കൾ ഒരു ആപ് മാത്രം ഡൗൺലോഡു




ചെയ്യുകയും ഒരു ലോഗിനും പാസ് വേഡും മാത്രം ഓർത്തിരിക്കുകയും ചെയ്യേണ്ട ആവശ്യമേ വരൂ. എല്ലാ സ്ട്രീമിങ് പ്ലാറ്റ്ഫോമുകൾക്കും ഒരു സംവിധാനത്തിലൂടെ പണമടക്കലും സാധ്യമാകും.ആഡ് ഓണുകൾക്കു പുറമെ ഏറ്റവും വലിയ കൺസ്യൂമർ ഗിവ് ബാക്ക് പദ്ധതിയായ ഗ്രേറ്റ് സീ5 ഗിവ് എവേ പദ്ധതി അമേരിക്കൻ ഉപഭോക്താക്കൾക്കായി അവതരിപ്പിക്കും. അമേരിക്കയിലെ മുൻനിര ദക്ഷിണേഷ്യൻ ഓൺലൈൻ വിപണിയായ ക്വിക്ലി പോലുള്ള പങ്കാളികളുമായി സഹകരിച്ചാവും ഇത് അവതരിപ്പിക്കുക. സീ5, ആഡ് ഓണുകൾ തുടങ്ങിയവയുടെ ഓരോ വാങ്ങലും ഉപഭോക്താക്കൾക്ക് ഉറപ്പായ സമ്മാനങ്ങൾ ലഭിക്കാൻ അവസരം നൽകും. ഗിഫ്റ്റ് കാർഡുകൾ മുതൽ ഹവായി, ലാസ് വെഗാസ് എന്നിവ പോലുള്ള കേന്ദ്രങ്ങളിലേക്ക് എല്ലാ ചെലവുകളും അടങ്ങിയ അവധിക്കാലം വരെയുള്ള സമ്മാനങ്ങളാവും ലഭിക്കുക.ഇന്ത്യയിൽ നിന്ന് അമേരിക്കയിലേക്കുള്ള നവീനമായ റഫറൽ പദ്ധതിയും ഉടൻ പുറത്തിറക്കും. ഇന്ത്യയിലെ ഉപഭോക്താക്കൾക്ക് അമേരിക്കയിലുള്ള സുഹൃത്തുക്കൾക്കും കുടുംബങ്ങൾക്കും റഫറൽ ലിങ്കു നൽകുകയും വിജയകരമായ ഓരോ റഫറലിനും 500 രൂപ വീതം നേടുകയും ചെയ്യാം. റഫറലുകളുടെ എണ്ണത്തിന് നിയന്ത്രണം ഉണ്ടാകില്ലെന്നതാണ് ഏറ്റവും ആകർഷകം. ആഗോള തലത്തിൽ പൈറസിക്കെതിരായ വിപുലമായ കാമ്പെയിനും സീ5 ഗ്ലോബൽ അവതരിപ്പിക്കുമെന്ന് പരിപാടിയിൽ സംസാരിക്കവെ അർച്ചന ആനന്ദ് പ്രഖ്യാപിച്ചു. പൈറസി നടത്തുന്ന പ്ലാറ്റ്ഫോമുകൾക്കെതിരായ നിയമപരമായ നീക്കങ്ങളും സീ5 ഗ്ലോബൽ ലഭ്യമാക്കും.ആൻഡ്രോയ്ഡ്, ഐഒഎസ് പ്ലാറ്റ്ഫോമുകൾ, ००० .ലല5.രീ, ഫയർ ടിവി, ആപിൾ ടിവി, റോകു, സാംസങ് ടിവി തുടങ്ങിയവയിൽ സീ5 ഗ്ലോബൽ ആഡ് ഓണുകൾ ലഭിക്കും.

# വർമ്മ ഹോംസിന്റെ പുതിയ ലക്ഷ്വറി അപ്പാർട്ട്മെന്റിന് കല്ലിട്ടു



**കൊച്ചി:** വർമ്മ ഹോംസിന്റെ പുതിയ ലക്ഷ്വറി അപ്പാർട്ട്മെന്റ് പ്രോജക്ടായ എറണാകുളം,ഇടപ്പള്ളിയിലെ വർമ്മ സിംഫണിയുടെ നിർമ്മാണത്തിന് തുടക്കം കുറിച്ചു. വർമ്മ ഹോംസ് മാനേജിംഗ് ഡയറക്ടർ അനിൽ വർമ്മയുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിൽ ഡയറക്ടർ ഡോ.മിനി വർമ്മ കല്ലിടൽ നിർവ്വഹിച്ചു. ജി.എം പ്രോജക്ട് ബിന്ദു നൈനാൻ, സ്ഥല ഉടമ ഡോ.ഗോപകുമാർ, ഇടപ്പള്ളി 38ാം ഡിവിഷൻ കൗൺസിലർ ശാന്ത വിജയൻ, പ്ലാനിംഗ് മാനേജർ ആരതി വർമ്മ, അസിസ്റ്റന്റ് സെയിൽസ് മാനേജർ മേരി ബിബിന, അസിസ്റ്റന്റ് മാനേജർ പ്ലാനിംഗ് ലക്ഷ്മി എൻ.ആർ തുടങ്ങിയവർ പങ്കെടുത്തു.

## ക്ലെയിം സെറ്റിൽമെന്റ്: ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് മുന്നിൽ

**തിരുവനന്തപുരം:** സ്വകാര്യ മേഖലയിലെ ലൈഫ് ഇൻഷുറൻസ് കമ്പനികളിൽ, 2024 സാമ്പത്തിക വർഷത്തിന്റെ രാം പാദത്തിലെ ക്ലെയിം സെറ്റിൽമെന്റ് അനുപാതത്തിൽ ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് മുന്നിൽ. 2024 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ കമ്പനിക്ക് ഏറ്റവും മികച്ച ക്ലെയിം സെറ്റിൽമെന്റ് അനുപാതമായ 97.9% നേടിയിരുന്നു. 2023 സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ ക്ലെയിം സെറ്റിൽമെന്റ് അനുപാതം 98.7% ആയിരുന്നു, 2024 സാമ്പത്തിക വർഷത്തിന്റെ രാം പാദത്തിൽ 98.14% ആണ് ക്ലെയിം സെറ്റിൽമെന്റ് അനുപാതം. ക്ലെയിം കൈകാര്യം ചെയ്യുന്നതിൽ ഐസിഐസിഐ പ്രൂഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ സ്ഥിരത കാണിക്കുന്നതാണ് ഈ വിവരങ്ങൾ. കമ്പനിയുടെ വെബ്സൈറ്റിൽ ഈ കണക്കുകൾ പൊതുജനങ്ങൾക്കായി ലഭ്യമാണ്. ഉപഭോക്തൃ കേന്ദ്രീകൃതമായ ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്, അതിന്റെ ക്ലെയിം ഫോർ ഷുവർ സേവന സംരംഭത്തിലൂടെ ആവശ്യമായ എല്ലാ രേഖകളും ലഭിച്ചതിന് ശേഷം ഒറ്റ ദിവസത്തിനുള്ളിൽ യോഗ്യമായ എല്ലാ മരണ ക്ലെയിമുകളും തീർപ്പാക്കുമെന്ന് ഉറപ്പാക്കുന്നു. ഒരു യഥാർഥ മരണ ക്ലെയിം തീർപ്പാക്കാൻ എടുത്ത ശരാശരി സമയം വെറും 1.2 ദിവസം മാത്രമാണെന്ന് കമ്പനി അറിയിച്ചു.

# പ്രൈമ വിഎക്സ് ടിപ്പർ അവതരിപ്പിച്ച് ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** പൈറഷമ വിഎക്സ് ടിപ്പർ ട്രക്ക് വിപണിയിലെത്തിച്ച് ടാറ്റാ മോട്ടോഴ്സ്. പ്രൈമ ശ്രേണിയുടെ എൽഎക്സ്, വിഎക്സ് ട്രിമ്മുകളും ഇപ്പോൾ ലഭ്യമാണ്. ഡ്രൈവർ മോണിറ്ററിംഗ് സംവിധാനം,ഓട്ടോമാറ്റിക് ട്രാക്ഷൻ കൺട്രോൾ, ഹിൽസ്റ്റാർട്ട് അസിസ്റ്റ്, മൾട്ടിമോഡ് എഫ്ഇ സ്വിച്ച്, ക്യാമറ അടിസ്ഥാനമാക്കിയുള്ള പാർക്ക് അസിസ്റ്റ് സിസ്റ്റം, ഇൻ ബിൽറ്റ് ടച്ച് സ്ക്രീൻ ഇൻഫോടെയ്ൻമെന്റ് സിസ്റ്റം , ഇന്ധന നിരീക്ഷണ സംവിധാനം, ന്യൂമാറ്റിക് സസ്പെൻഡോടുകൂടിയുള്ള ഡ്രൈവർ സീറ്റ്, എച്ച്വിഎസി യൂണിറ്റ്, എൻജിൻ ബ്രേക്ക്, ടിഎച്ച്യു ആക്സിൽ എന്നിവയും ടിപ്പറിന്റെ സവിശേഷതയാണെന്ന് ടാറ്റാ മോട്ടോഴ്സ് ട്രക്സിന്റെ വൈസ് പ്രസിഡന്റും ബിസിനസ് വിഭാഗം തലവനുമായ രാജേഷ് കൗൾ പറഞ്ഞത്. 4ജി കണക്റ്റിവിറ്റിയും വാഹനത്തിലൊരുക്കിയിരിക്കുന്നു. ഒപ്റ്റിമൽ ഫ്ളീറ്റ് മാനേജ്മെന്റിനായുള്ള ടാറ്റാ മോട്ടോഴ്സിന്റെ അടുത്ത തലമുറയ്ക്ക് വേണ്ടിയുള്ള ഡിജിറ്റൽ സൊല്യൂഷനായ ഫ്ളീറ്റ് എഡ്ജ് സംവിധാനം വാഹനത്തിന്റെ പ്രത്യേകതകളിലൊന്നാണ്. ഇതിലൂടെ പ്രവർത്തന സമയം കൂട്ടാനും ഉടമസ്ഥത




ചെലവ് കുറയ്ക്കാനും ഓപ്പറേറ്റർക്കാർക്ക് സാധിക്കും. ട്രിപ്പ് മാനേജ്മെന്റ്, ചെലവ് നിരീക്ഷിക്കൽ,മെയിന്റൻസ് ഷെഡ്യൂളിംഗ്, എന്നിവയിലൂടെ ബിസിനസ് പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും ഈ സംവിധാനം സഹായിക്കും. ഡ്രൈവർമാരുടെയും ഫ്ളീറ്റ് ഉടമകളുടെയും സ്വപ്ന സാക്ഷാത്കാരമായി നിർമ്മിച്ച ശ്രേണി കൂടിയാണ് ടാറ്റയുടെ പ്രൈമ. ട്രിപ്പ് സമയം, ഇന്ധനക്ഷമത, വെല്ലുവിളികൾ ചെറുക്കാനുള്ള കഴിവ് എന്നിവയിൽ മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്ന ശ്രേണിയായിരിക്കുമിതെന്നും അദ്ദേഹം പറഞ്ഞു.

## റിലയൻസ് ജിയോയും ടിഎംഫോറവും മുംബൈയിൽ ഇന്നൊവേഷൻ ഹബ് തുറക്കുന്നു

**കൊച്ചി / മുംബൈ:** ടെലികോം, ടെക് കമ്പനികളുടെ മുൻനിര ആഗോള സഖ്യമായ ടിഎം ഫോറവും റിലയൻസ് ജിയോയും ചേർന്ന് ആദ്യ ടിഎം ഫോറം ഇന്നൊവേഷൻ ഹബ് ഇന്ന് മുംബൈയിൽ ഉത്ഘാടനം ചെയ്തു.ഇത്തരത്തിലുള്ള ആദ്യത്തേതായ ഈ ഇന്നൊവേഷൻ ഹബ്, ജനറേറ്റീവ് എഐ (GEN AI ), ലാർജ് ലാംഗ്വേജ് മോഡലുകൾ (LLM ), ഓപ്പൺ ഡിജിറ്റൽ ആർക്കിടെക്ചർ (ODA ) എന്നിവയുടെ വികസനം ത്വരിതപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കും.മുംബൈയിലെ റിലയൻസ് കോർപ്പറേറ്റ് ഐടി പാർക്കിൽ നടന്ന ചടങ്ങിൽ ആക്സെഞ്ചർ, ഡ്യൂഷെ ടെലികോം, ഗൂഗിൾ ക്ലൗഡ്, ഓറഞ്ച്, ടെലിനോർ, വോഡഫോൺ എന്നിവയുൾപ്പെടെയുള്ള ഇന്നൊവേഷൻ ഹബ് സ്ഥാപക അംഗങ്ങളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുത്തു. ടെലികോം രംഗത്തുനിന്നും ടെക്നോളജി നിന്നുമുള്ള പ്രതിഭകളുടെ സഹകരണം ഈ രംഗത്തെ ഏറ്റവും വലിയ വെല്ലുവിളികൾക്കുള്ള മികച്ച ചിന്തകളും പരിഹാരങ്ങളും നൽകാൻ സഹകരിക്കും.ആഗോള സോഫ്റ്റ്വെയർ വികസന പ്രതിഭകളുടെ പ്രഭവകേന്ദ്രമായ ഇന്ത്യയെ അംഗീകരിക്കുന്നതിനായാണ് ആദ്യത്തെ ടിഎം ഫോറം ഇന്നൊവേഷൻ ഹബ്ബിനുള്ള ലൊക്കേഷനായി മുംബൈയെ തിരഞ്ഞെടുത്തത്.

# കേരള ജെം ആൻഡ് ജ്വല്ലറി ഷോയ്ക്ക് തുടക്കം



**കൊച്ചി:** പതിനാറാമത് കേരള ജെം ആൻഡ് ജ്വല്ലറി ഷോ (കെ.ജി.ജെ.എസ് 2023) കൊച്ചി ആഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ആരംഭിച്ചു.മേളയുടെ ഉത്ഘാടനം കല്യാൺ ജ്വല്ലേഴ്സ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ടി എസ് കല്യാണരാമൻ, ജോയ് ആലുക്കാസ് ജ്വല്ലേഴ്സ് ചെയർമാൻ ജോയ് ആലുക്കാസ് എന്നിവർ ചേർന്ന് നിർവ്വഹിച്ചു. മലബാർ ഗോൾഡ് ആൻഡ് ഡയമ്സ് ചെയർമാൻ എം.പി അഹമ്മദ്, ഭീമാ ജ്വല്ലറി ചെയർമാൻ ഡോ.ബി.ഗോവിന്ദൻ, ജോസ് ആലുക്കാസ് ചെയർമാൻ എ.വി ജോസ് എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു. രാജ്യാന്തര ആഭരണ വിപണിയുടെ പ്രൗഢിയും ആഭരണ നിർമ്മാണ രംഗത്തെ അത്യന്താധുനിക സാങ്കേതികവിദ്യകളും, കലാവൈദഗ്ധ്യവും വിളംബരം ചെയ്യുന്ന വ്യാപര മേളയിൽ രാജ്യമൊട്ടുക്കുമുള്ള ആഭരണ നിർമ്മാതാക്കളും , ആർട്ടിസൻമാരും, വ്യാപാരികളും, കയറ്റുമതിക്കാരും, ജ്വല്ലറി സാങ്കേതികവിദ്യാ വിദഗ്ദ്ധരും പങ്കെടുക്കുന്നു്.സ്വർണം, വജ്രം, പ്ലാറ്റിനം, വെള്ളി , അനുബന്ധ വസ്തുക്കൾ, നൂതന ജ്വല്ലറി ഉപകരണങ്ങൾ, സാങ്കേതികവിദ്യകൾ എന്നിവ അണിനിരക്കുന്ന ഏകദേശം 200 സ്റ്റാളുകൾ അടങ്ങിയ പവലിയനുകളാണ് എക്സ്പോയിൽ പ്രദർശനത്തിനുള്ളത്. ജ്വല്ലറി വിപണന രംഗത്തെ പ്രശസ്ത കൺസൾട്ടിംഗ് സ്ഥാപനമായ പി.വി.ജെ എൻഡവേഴ്സ്, ആർട്ട് ഓഫ് ജ്വല്ലറി (എ.ഒ.ജെ) മീഡിയ, കെ.എൻ സി സർവീസസ് എന്നിവയാണ് മേളയുടെ സംഘാടകർ. ജ്വല്ലറി നിർമ്മാതാക്കളുടെയും കച്ചവടക്കാരുടെയും സമഗ്രമായ വളർച്ച ലക്ഷ്യമിട്ടാണ് വ്യാപാരമേള സംഘടിപ്പിക്കുന്നതെന്ന് പിവിജെ എൻഡവേഴ്സ് ചെയർമാൻ പി.വി ജോസ് പറഞ്ഞു. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ആഭരണ വ്യവസായത്തിന് നിർണായക പങ്കു്. രാജ്യത്ത് നിർമ്മിക്കുന്ന സ്വർണ്ണത്തിന്റെ 10.20% കേരളത്തിലാണ് വിറ്റഴിക്കപ്പെടുന്നത്. ഏകദേശം ര് ലക്ഷം തൊഴിൽ ഈ വ്യവസായ മേഖലയിലു്. സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഏകദേശം 650 കോടി ഇത് സംഭാവന ചെയ്യുന്നു്. പരിസ്ഥിതി സൗഹൃദവും അതേസമയം സംസ്ഥാനത്ത് സ്ത്രീകൾക്ക് ഡിസൈനിലും നിർമ്മാണത്തിലും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും ജ്വല്ലറി വ്യവസായത്തിന് സാധിക്കും, പി.വി ജോസ് പറഞ്ഞു. കേരളത്തിന്റെ പരമ്പരാഗത ആഭരണങ്ങൾക്ക് ആഗോള സാധ്യതകളു്. ഇവയുടെ നിർമ്മാണ വിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്ന വേദിയാണ് കെ.ജി.ജെ.എസ് എന്ന് കെഎൻസി സർവീസസ് സി.ഇ.ഒ ക്രാന്തി നാഗ്വേകർ പറഞ്ഞു. സ്വർണം, വജ്രം, പ്ലാറ്റിനം, വെള്ളി, ചെട്ടിനാട് പരമ്പരാഗത ആഭരണങ്ങൾ എന്നിവയുടെ ശേഖരങ്ങളാണ് ഷോയുടെ പ്രധാന ആകർഷണങ്ങൾ. കേരളം, കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന തുടങ്ങിയ സംസ്ഥാനങ്ങൾക്കായി പ്രചാരണ പരിപാടികളും മേളയിലുന്നും കെജിജെഎസ് ഡയറക്ടറും എ.ഒ.ജെ മീഡിയ മാനേജിംഗ് ഡയറക്ടറുമായ സുമേഷ് വധേര പറഞ്ഞു.മെഷീൻ, സാങ്കേതികവിദ്യകൾ ഉപകരണ നിർമ്മാതാക്കൾ, സോഫ്റ്റ്‌വെയർ, അനുബന്ധ ഉൽപ്പന്നങ്ങൾ, പാക്കേജിംഗ്, ഡിസ്പ്ലേ വിദഗ്ധർ, വിവിധ സേവന ദാതാക്കൾ എന്നിവരടങ്ങുന്ന നിർമ്മാണ മേഖലയുടെ സജീവ സാനിധ്യവും മേളയിലു്. മൊത്ത ചില്ലറ വ്യാപാരികൾ, ഇറക്കുമതിക്കാർ, കയറ്റുമതിക്കാർ, ഡയമ്, രത്നക്കല്ല് വിതരണക്കാർ, മറ്റ് അനുബന്ധ വ്യാപാരികൾ എന്നിവർക്ക് അവരുടെ ബിസിനസ്സ് ബന്ധം മെച്ചപ്പെടുത്താനും ഏറ്റവും പുതിയ വ്യവസായ രീതികൾ മനസ്സിലാക്കാനുമുള്ള മികച്ച അവസരമാണ് മൂന്ന് ദിവസത്തെ ബി.ടു.ബി ഷോ ഒരുക്കുന്നത്.

# പുതുവർഷത്തിൽ കൂടുതൽ സർവീസുകളുമായി എയർഏഷ്യ




**കൊച്ചി:** പുതിയ 69 പ്രതിവാര ഫ്ളൈറ്റുകൾ എയർ ഏഷ്യ പ്രഖ്യാപിച്ചു. 2024 ഫെബ്രുവരി മുതൽ ബംഗളൂരു, കൊൽക്കത്ത, കൊച്ചി, ഹൈദരാബാദ്, ചെന്നൈ, തിരുച്ചിറപ്പള്ളി, ന്യൂഡൽഹി, അമൃത്സർ, തിരുവനന്തപുരം തുടങ്ങിയ നഗരങ്ങളിൽ നിന്നാണ് പുതിയ സർവീസുകൾ തുടങ്ങുന്നത്. ഇന്ത്യയിൽ നിന്നുള്ള യാത്രക്കാർക്ക് 2023 ഡിസംബർ ഒന്നു മുതൽ മലേഷ്യയിലേക്കുള്ള 30 ദിവസത്തെ വിസ രഹിത പ്രവേശനം എന്ന മലേഷ്യൻ ഗവൺമെന്റിന്റെ പ്രഖ്യാപനത്തെ തുടർന്ന് വരാൻ പോകുന്ന ടൂറിസ്റ്റുകളുടെ വൻ കുതിച്ചു ചാട്ടത്തെ നേരിടാനാണ് ഈ ഗണ്യമായ വർദ്ധനവ്.മലേഷ്യക്ക് പുറമെ തായ്‌ലൻഡിലെയും വിയറ്റ്നാമിലെയും ഗവൺമെന്റുകൾ ഇന്ത്യയിൽ നിന്നുള്ള സന്ദർശകർക്ക് വിസ രഹിത പ്രവേശനം പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് എയർ ഏഷ്യയുടെ ഫ്ലൈത്രൂ സർവീസ് വഴി മറ്റ് ആസിയാൻ രാജ്യങ്ങൾ പര്യവേക്ഷണം ചെയ്യാനും ക്വാലാലംപൂരിലേക്ക് നേരിട്ട് യാത്ര ചെയ്യാനും ബാങ്കോക്ക്, ഫുക്കറ്റ്, ഹനോയ്, ഹോ ചി മിൻ, സിഡ്നി, മെൽബൺ, പെർത്ത് തുടങ്ങിയ സ്ഥലങ്ങളിലേക്ക് കണക്റ്റ് ചെയ്യാനും സഹായിക്കുമെന്ന് എയർഏഷ്യ റീജിയണൽ കൊമേഴ്സ്യൽ (ഇന്ത്യ) മേധാവി മനോജ് ധർമാനി പറഞ്ഞു. തങ്ങളുടെ രണ്ട് ഏറ്റവും വലിയ വിപണികൾ തമ്മിലുള്ള പ്രാദേശിക കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിന് മാത്രമല്ല, ഗണ്യമായ സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജകമായി പ്രവർത്തിക്കാനുമുള്ള അവസരമായാണ് ഇതിനെ കാണുന്നത്. എയർ ഏഷ്യ 2024 ഫെബ്രുവരി മുതൽ ബംഗളൂരു, കൊൽക്കത്ത, കൊച്ചി, ഹൈദരാബാദ്, ചെന്നൈ, തിരുച്ചിറപ്പള്ളി, ന്യൂഡൽഹി, അമൃത്സർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്ന് ക്വാലാലംപൂരിലേക്ക് പ്രതിവാരം 69 വിമാനങ്ങൾ സർവീസ് നടത്തുമെന്നും അദ്ദേഹം പറഞ്ഞു.എയർഏഷ്യയ്ക്ക് മാത്രമല്ല, രാജ്യത്തിനും ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഒരു വലിയ വാർത്തയാണ്, ഈ മുൻകരുതൽ സംരംഭത്തിന് ഞങ്ങൾ മലേഷ്യൻ സർക്കാരിന്, പ്രത്യേകിച്ച് മലേഷ്യൻ പ്രധാനമന്ത്രി ഡാറ്റോ സെരി അൻവർ ഇബ്രാഹിമിന് നന്ദി പറയുന്നുവെന്ന് ക്യാപിറ്റൽ എ സിഇഒ ടോണി ഫെർണാണ്ടസ് പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com